**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 204** **22-02-2022 - ൽ മറുപടിയ്ക്ക്**

**വൃക്കരോഗികളിലെ എണ്ണത്തിലുള്ള വന്‍വര്‍ദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൃക്കരോഗം ബാധിക്കുന്നവരുടെ എണ്ണത്തില്‍ വന്‍ തോതിലുള്ള വര്‍ധനവുണ്ടോ; ഇത് സംബന്ധിച്ച് പഠനങ്ങള്‍ നടന്നിട്ടുണ്ടോ; വൃക്ക രോഗബാധിതരുടെ കഴിഞ്ഞ 10 വര്‍ഷക്കാലത്തെ എണ്ണം വകുപ്പിന്റെ പക്കലുണ്ടോ ; | (എ) | സംസ്ഥാനത്ത് വൃക്കരോഗം ബാധിക്കുന്നവരുടെ എണ്ണത്തില്‍ വര്‍ധനവ് ഉണ്ടായിട്ടുണ്ട്. അച്യുതമേനോന്‍ സെന്റര്‍ ഫോര്‍ ഹെല്‍ത്ത് സയന്‍സിന്റെ പഠന റിപ്പോര്‍ട്ട് പ്രകാരം സംസ്ഥാനത്ത് 19 വയസ്സിനു മുകളിലുള്ളവരില്‍ 5 പേരില്‍ ഒരാള്‍ക്ക് പ്രമേഹവും 3 പേരില്‍ ഒരാള്‍ക്ക് ഹൈപ്പര്‍ ടെന്‍ഷനും ഉണ്ടെന്നാണ് കണക്ക്. പ്രമേഹം, രക്താതിസമ്മര്‍ദ്ദം ഉള്ള രോഗികളില്‍ വൃക്ക രോഗം വരാനുള്ള സാധ്യത ഏറെയാണ്. ആലപ്പുഴ മെഡിക്കല്‍ കോളേജില്‍ പഠനം നടത്തുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കി റിസര്‍ച്ച് കമ്മിറ്റിക്ക് സമര്‍പ്പിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിച്ചു വരുന്നു. കഴിഞ്ഞ പത്ത് വര്‍ഷക്കാലത്തെ വൃക്ക രോഗികളുടെ കൃത്യമായ കണക്ക് വകുപ്പ് തലത്തില്‍ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | വൃക്ക രോഗബാധിതരുടെ എണ്ണം വര്‍ദ്ധിക്കുന്നതിന്റെ കാരണങ്ങള്‍ വകുപ്പ് തലത്തില്‍ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | പ്രമേഹവും ഉയര്‍ന്ന രക്തസമ്മര്‍ദ്ദവുമാണ് വൃക്കരോഗ ബാധിതരുടെ എണ്ണം വര്‍ദ്ധിക്കുവാനുള്ള പ്രധാന കാരണം. |
| (സി) | വൃക്ക മാറ്റിവയ്ക്കല്‍ ശസ്ത്രക്രിയക്ക് വിധേയരാകുന്നതിനായി എത്ര അപേക്ഷകളാണ് സര്‍ക്കാരിന്റെ പരിഗണനയിലുള്ളത്; | (സി) | മസ്തിഷ്ക മരണാനന്തര അവയവദാനം വഴി വൃക്ക മാറ്റിവയ്ക്കല്‍ ശസ്ത്രക്രിയയ്ക്കായി കെ.എന്‍.ഒ.എസ്സിന്റെ കീഴില്‍ 2086 വൃക്ക രോഗികള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് പ്രതിദിനം എത്ര പേര്‍ക്ക് ഡയാലിസിസ് നടത്തുന്നതിനുള്ള സജ്ജീകരണം നിലവിലുണ്ട്; പ്രതിദിനം ശരാശരി എത്രപേരാണ് ഡയാലിസിസിന് വിധേയരാകുന്നത് ? | (ഡി) | പ്രതിമാസം നാല്‍പ്പതിനായിരത്തോളം ഡയാലിസിസുകളാണ് സംസ്ഥാന ആരോഗ്യ വകുപ്പിനു കീഴിലുള്ള വിവിധ ആശുപത്രികളില്‍ നടത്തി വരുന്നത്. ഇതിനായി 95 ഡയാലിസിസ് യൂണിറ്റുകള്‍ പ്രവര്‍ത്തിക്കുന്നതായും 995 ഡയാലിസിസ് മെഷീനുകള്‍ സേവനം നടത്തി വരുകയും ചെയ്യുന്നു. ഇതുകൂടാതെ 10 മെഡിക്കല്‍ കോളേജുകള്‍ മുഖേന 10,000 ത്തോളം ഡയാലിസിസുകളും നടത്തുന്നുണ്ട്. ഹീമോഡയാലിസിസ് ചെലവേറിയതും |

| | | | |
|---|---|---|---|
| | | | ആശുപത്രികളിൽ മാത്രം ചെയ്യാൻ സാധിക്കുന്ന ഒരു പ്രക്രിയയാണ്. ഇടവിട്ടുള്ള ദിവസങ്ങളിൽ ആശുപത്രിയിൽ പോകേണ്ടിയും കാത്തിരിക്കേണ്ടിയും വരുന്നു. ഇതിനൊരു പരിഹാരമായിട്ടാണ് പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ